# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

### ഇരുപത്തി രണ്ടാമത് റിപ്പോർട്ട്
**(2025 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**( മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2014-16)- യുടെ ഒൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2026**

## പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

### ഇരുപത്തി രണ്ടാമത് റിപ്പോർട്ട്

(2025 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**( മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16)- യുടെ ഒൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | V |
| മുഖവുര | .. | VII |
| റിപ്പോർട്ട് | .. | 1- |
| അനുബന്ധം | .. | |

**മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി**
**(2023-26)**

**സമിതിയുടെ ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ

<u>അംഗങ്ങൾ</u> :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ

ശ്രീ. എൻ.കെ. അക്ബർ, എം.എൽ.എ

ശ്രീ. എം.എസ്.അരുൺകുമാർ, എം.എൽ.എ

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ, എം.എൽ.എ

ശ്രീ. കെ.യു. ജനീഷ് കുമാർ, എം.എൽ.എ

ശ്രീ. എം.നൗഷാദ്, എം.എൽ.എ

ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ, എം.എൽ.എ

ശ്രീ. എം.വിജിൻ, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി -ഇൻ- ചാർജ്ജ്

ശ്രീമതി റീന വി. ആർ, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തി രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്,

തിരുവനന്തപുരം, ചെയർപേഴ്സൺ,

24 ഫെബ്രുവരി 2026 മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.

**മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16) യുടെ ഒൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

ക്ഷേമരാഷ്ട്രം എന്ന സങ്കല്പത്തെ അടിസ്ഥാനമാക്കി സമൂഹത്തിൽ അവശത അനുഭവിക്കുന്ന എല്ലാവർക്കും സാമൂഹ്യനീതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 1975 സെപ്റ്റംബർ 9 മുതൽ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച സാമൂഹ്യക്ഷേമ വകുപ്പിനെ 2012 ഒക്ടോബർ 31 ന് പുനർനാമകരണം ചെയ്തതാണ് സാമൂഹ്യനീതി വകുപ്പ്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ, മുൻതടവുകാർ തുടങ്ങിയവർക്കുവേണ്ടി ക്ഷേമപ്രവർത്തനങ്ങളും സേവനങ്ങളും വകുപ്പിനുകീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 'Care, Protection, Empowerment' എന്നതാണ് സാമൂഹ്യനീതി വകുപ്പിന്റെ ആപ്തവാക്യം.സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടാണ് സമിതി (2014-16) -യുടെ ഒൻപതാമത് റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ട് 2015 ജൂലൈ 29-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 8 ശിപാർശകൾ ഉൾപ്പെടുത്തിയിരുന്നു. ശിപാർശകൾക്ക് വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ശിപാർശകളും അവയ്ക്ക് സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകളും താഴെ ചേർക്കുന്നു:

**ശിപാർശ-1**

സമിതിയുടെ തുടർന്നുള്ള തെളിവെടുപ്പ് യോഗങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിതന്നെ ഹാജരാകണമെന്നും ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ സമിതിയുടെ അംഗീകാരത്തിനുവിധേയമായി മാത്രം രേഖാമൂലം ചുമതലപ്പെടുത്തിയ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻ സമിതി യോഗങ്ങളിൽ ഹാജരാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. (ഖണ്ഡിക-3)

**സ്വീകരിച്ച നടപടി**

സമിതിയുടെ നിർദ്ദേശങ്ങൾ കണ്ടു. മേലിൽ ശ്രദ്ധിക്കുന്നതാണ്.

**വനിത വികസന കോർപ്പറേഷൻ**

**ശിപാർശ-2**

സമിതിയുടെ വിവിധ റിപ്പോർട്ടുകളിൽ വനിതാ വികസന കോർപ്പറേഷന്റെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച ശിപാർശകൾ ചെയ്തിട്ടും ഭരണവകുപ്പ് വളരെ ലാഘവബുദ്ധിയോടെയാണ് പെരുമാറുന്നതെന്നും ഇതൊരിക്കലും ന്യായീകരിക്കാനാവുന്നതല്ലെന്നും വകുപ്പും കോർപ്പറേഷനും വാർഷിക റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-11)

**സ്വീകരിച്ച നടപടി**

നിലവിൽ സ്ഥാപനം കുടിശ്ശിക ഉണ്ടായിരുന്ന മുഴുവൻ വാർഷിക കണക്കുകളും പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സമിതിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 2021- 22 വരെയുള്ള വാർഷിക റിപ്പോർട്ട് സമിതിയ്ക്ക് സമർപ്പിച്ചിട്ടുള്ളതും 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും എ.ജി ഓഡിറ്റും പൂർത്തീകരിക്കുകയും വാർഷിക പൊതുയോഗം 18.05.2024 ന് കൂടുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടും സമിതിയ്ക്ക് മുന്നിൽ സമർപ്പിക്കുന്നതാണ്.

**വനിത വികസന കോർപ്പറേഷൻ**

**ശിപാർശ-3**

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ഒരു ഷെഡ്യൂൾ തയ്യാറാക്കണമെന്നും ആയത്

സമിതി മുൻപാകെ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.(ഖണ്ഡിക -12)

**<u>സ്വീകരിച്ച നടപടി</u>**

കോർപ്പറേഷന്റെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനുള്ള ഷെഡ്യൂൾ തയ്യാറാക്കണമെന്ന ശിപാർശയിന്മേലുള്ള നടപടി 2012-13 മുതൽ കുടിശ്ശിക ഉണ്ടായിരുന്ന വാർഷിക കണക്കുകൾ മുഴുവൻ പൂർത്തീകരിക്കുകയും സമിതിയ്ക്ക് മുമ്പാകെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | <u>റിപ്പോർട്ട് കാലയളവ്</u> | <u>സമിതിയ്ക്ക് സമർപ്പിച്ച തീയതി</u> |
|---|---|---|
| 1 | 2012-13 | 09/06/2016 |
| 2 | 2013-14 | 12/10/2018 |
| 3 | 2014-15 | 27/09/2019 |
| 4 | 2015-16 | 25/11/2019 |
| 5 | 2016-17 | 10/08/2020 |
| 6 | 2017-18 | 10/03/2021 |
| 7 | 2018-19 | 06/11/2021 |
| 8 | 2019-20 | 07/11/2022 |
| 9 | 2020-21 | 12/04/2023 |
| 10 | 2021-22 | 20/11/2023 |
| 11 | 2022-23 | ധനകാര്യ വകുപ്പിന്റെ റിമാർക്സ് ലഭ്യമാക്കി അടിയന്തരമായി സമർപ്പിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

## വനിതാ കമ്മീഷൻ

### ശിപാർശ-4

റിപ്പോർട്ടുകൾ സമയബന്ധിതമായി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയാത്തവരാണ് ഡിലേസ്റ്റേറ്റ്മെന്റ് തയ്യാറാക്കി സഭയിൽ ലഭ്യമാക്കുന്നത് എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സമയബന്ധിതമായി തയ്യാറാക്കേണ്ടതാണ് വാർഷിക ഓഡിറ്റ് റിപ്പോർട്ട്. അത് സമയബന്ധിതമായി തയ്യാറാക്കാൻ സാധിക്കാതെ വരുമ്പോൾ അച്ചടിച്ച് ലഭിക്കാൻ വൈകി, ജീവനക്കാരുടെ കുറവ്, തുടങ്ങിയ വിശദീകരണങ്ങൾ അംഗീകരിക്കുവാൻ സാധിക്കുകയില്ലെന്ന് വിലയിരുത്തിയ സമിതി കാലതാമസപത്രിക എങ്ങനെ സമർപ്പിക്കണമെന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന.നമ്പർ സർക്കുലറിൽ വിശദീകരിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും അതനുസരിച്ചുവേണം കാലതാമസപത്രിക തയ്യാറാക്കുവാനെന്നും നിർദ്ദേശിക്കുകയും ചെയ്യുന്നു. (ഖണ്ഡിക 14)

### സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലറിൽ വിശദീകരിച്ചിട്ടുള്ള പ്രകാരമാണ് നിലവിൽ കാലതാമസപത്രിക നൽകി വരുന്നത്.

### ശിപാർശ-5

കേരള വനിതാ കമ്മീഷന്റെ 2010-2011, 2011-2012, 2012-2013 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/13/ധന. നമ്പർ സർക്കുലർ പ്രകാരം തയ്യാറാക്കി സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക -17)

സ്വീകരിച്ച നടപടി

2010-2011, 2011-2012, 2012-2013 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ യഥാക്രമം അനുബന്ധം 1, 2, 3 ആയി ചേർത്തിരിക്കുന്നു.

**കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ**

**ശിപാർശ –6**

ഓരോ വർഷത്തേയും ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും തയ്യാറാക്കി നിയമസഭയിൽ സമർപ്പിക്കുക എന്നത് ഒരു സ്ഥാപനത്തിന്റെ അടിസ്ഥാനപരമായ കടമയാണെന്നും ഈ പ്രക്രിയ കൃത്യമായി നടക്കുകയാണെങ്കിൽ ഇത്തരത്തിലൊരു പ്രശ്നമുണ്ടാകുകയില്ല എന്നും സമിതി വിലയിരുത്തുന്നു. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയെന്നത് അടിസ്ഥാന വസ്തുതയാണെന്നിരിക്കെ ഓഡിറ്റ് ഫീസ് തർക്കം കാരണം ഓഡിറ്റിംഗ് വൈകുന്നത് പരിഹരിക്കുന്നതിനായി ഓഡിറ്റ് ഫീസ് കാലോചിതമായി വർദ്ധിപ്പിക്കണമെന്നും സർക്കാർ ഇക്കാര്യത്തിൽ ഒരു നയപരമായ തീരുമാനം കൈക്കൊള്ളണമെന്നും സമിതി (2009-11) യുടെ അഞ്ചാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. എന്നാൽ സർക്കാർ ഇതുവരെയും ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ ഇക്കാര്യം ഗൗരവമായി പരിഗണിക്കണമെന്നും ഓഡിറ്റിംഗിനുള്ള കാലതാമസം അടിയന്തരമായി പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക 22)**

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ സ്ററാറ്റ്യൂട്ടറി ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കി കുടിശ്ശികയുള്ള വിവിധ സാമ്പത്തിക

വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ കാലതാമസമില്ലാതെ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആഡിറ്റ് ചെയ്ത് (ഇന്റേണൽ ഓഡിറ്റ്) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വേണ്ടി തയ്യാറാക്കിയിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷത്തെ ഇന്റേണൽ ഓഡിറ്ററെ നിയമിച്ചിട്ടുണ്ട്. ഫീസ് തർക്കം മൂലം ഓഡിറ്റിംഗ് താമസിക്കുന്ന അവസ്ഥ നിലവിൽ ഇല്ല.

**ശിപാർശ-7**

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ 1999-2000 മുതലുള്ള ഓഡിറ്റ് സമയബന്ധിതമായി ചെയ്ത് വാർഷിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുണ്ടെന്നും 2002-03 മുതൽ ഏഴ് വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്ത് വാർഷിക റിപ്പോർട്ട് തയ്യാറാക്കി 31.03.2015-ന് മുമ്പായി സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായതിനുള്ള മുഖ്യകാരണം കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി ആയിരുന്നു എന്നും ബാക്കി വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ എത്രയും വേഗം നിയമസഭയ്ക്ക് സമർപ്പിക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുന്നതാണെന്നും വകുപ്പ് 17.01.2015-ലെ 18708/എ 3/2014/സാനിവ. നമ്പർ കത്ത് മുഖാന്തരം സമിതിയെ അറിയിച്ചിരുന്നു. എന്നാൽ സ്ഥാപനത്തിന്റെ 2004-2005-ലെ റിപ്പോർട്ടുവരെ മാത്രമേ സഭയുടെ മേശപ്പുറത്തുവച്ചിട്ടുള്ളൂ എന്നതിൽ സമിതി ആശങ്കപ്പെടുന്നു. 2013-14-ലെ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ കണക്കുകൾ പ്രകാരം സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ 2005-06 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ മാത്രമാണ് പൂർത്തിയായിരിക്കുന്നതെന്ന് വ്യക്തമാകുന്നു. സംസ്ഥാന വികലാംഗ കോർപ്പറേഷന്റെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും കുടിശ്ശികയുള്ളത് ഓരോ വർഷത്തേതും ഏതേതു തീയതികളിൽ തയ്യാറാക്കി മേശപ്പുറത്ത് വയ്ക്കാൻ

ലഭ്യമാക്കുമെന്നുള്ളതിന്റെ വർഷം തിരിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമിതിക്ക് ലഭ്യമാക്കണമെന്നും അതനുസരിച്ച് റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. **(ഖണ്ഡിക 23)**

**സ്വീകരിച്ച നടപടി**

**വിവിധ സാമ്പത്തിക വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ**

**2005-06 മുതൽ 2017-18 വരെ**

മേൽ കാലയളവുകളിലെ വാർഷിക റിപ്പോർട്ടുകൾ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

**2018-19**

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ നിയമിച്ച ജാക്ക് & അസോസിയേറ്റ്സ് എന്ന ഓഡിറ്റിംഗ് സ്ഥാപനം മുഖാന്തരം പ്രസ്തുത കോർപ്പറേഷന്റെ 2018-19 വർഷത്തെ അക്കൗണ്ട്സ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയാക്കി അക്കൗണ്ടന്റ് ജനറലിന് അഭിപ്രായത്തിന് സമർപ്പിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിനെ കണ്ടെത്തൽ ഉൾപ്പെടുത്തി ലഭിക്കുന്ന ഉടൻ എ.ജി.എം. കൂടി വാർഷിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതാണ് എന്ന് കോർപ്പറേഷൻ അറിയിക്കുന്നു. രണ്ട് മാസത്തിനുള്ളിൽ ആയത് സമർപ്പിക്കാൻ കഴിയുന്നതാണ്.

**2019-20 മുതൽ 2022-23 വരെ**

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ നിയമിച്ച ജി.ആർ.എ.&കോ എന്ന ഓഡിറ്റിംഗ് സ്ഥാപനം മുഖാന്തരം കോർപ്പറേഷന്റെ 2019-20 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അക്കൗണ്ട്സ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ചെയ്യുന്നത് പുരോഗമിച്ച് വരുകയാണ്. ആയത് തയ്യാറാകുന്ന മുറയ്ക്ക് അതത് സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ സമിതി മുമ്പാകെ താമസംവിനാ

സമർപ്പിക്കുന്നതാണ്. 2022-23 വരെയുള്ള മുഴുവൻ സ്റ്ററാറ്റ്യൂട്ടറി ഓഡിറ്റുകളും ഒരു വർഷത്തിനകം പൂർത്തിയാക്കാൻ സാധിക്കും. തുടർന്ന് അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലും ഉൾപ്പെടുത്തി സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. ആയത് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**ശിപാർശ-8**

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥരെ ബോധവാന്മാരാക്കുന്നതിനായി ആവശ്യമായ പരിശീലനപരിപാടികൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പാർലമെന്ററികാര്യം, പൊതുഭരണം എന്നീ വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച കാര്യങ്ങളിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഖണ്ഡിക നം. 24**

**സ്വീകരിച്ച നടപടി**

**1. പൊതുഭരണ(പാർലമെന്റ് ) വകുപ്പ്**

നയപരമായ നിർദ്ദേശങ്ങളും ഉത്തരവുകളും പുതുക്കിയ മാർഗ്ഗരേഖകളും കാലാകാലങ്ങളായി നടത്തുന്ന പരിശീലനപരിപാടികളിൽ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേകമായി ഓരോ വകുപ്പിന്റെയും പരിശീലന ആവശ്യകതയനുസരിച്ച് കൃത്യമായും പതിവായും ടി ആവശ്യകതകൾ അവലോകനം ചെയ്തുകൊണ്ടും വ്യത്യസ്ത വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി വിവിധയിനം പരിശീലനപരിപാടികൾ ഓൺലൈനായും ക്ലാസ് റൂം പരിശീലനമായും ഐ.എം.ജി. യിൽ നടത്തിവരുന്നുണ്ടെന്നും കൂടാതെ, വർഷംതോറും വിവിധ വകുപ്പുകളുടെ ട്രെയിനിംഗ് നീഡ് അനാലിസിസ് (TNA) നടത്താറുണ്ടെന്നും ആയതിൻപ്രകാരം ഈ പ്രത്യേക വിഷയത്തിന്റെ പരിശീലന ആവശ്യകതകൂടി കണക്കിലെടുത്ത് തുടർന്ന്

നടത്തപ്പെടുന്ന TNA കളിൽ ഈ വിഷയം ഉൾപ്പെടുത്തി അതനുസരിച്ചുള്ള പരിശീലനങ്ങൾ തുടർന്നും ഐ.എം.ജി. യിൽ നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വിവിധ പൊതുമേഖല / സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും സമയബന്ധിതമായി തയ്യാറാക്കി നിയമസഭയുടെ മേശപ്പുറത്തുവയ്ക്കാനായി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി, നിയമസഭ സമിതികൾ തുടങ്ങിയ വിഷയങ്ങളിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 'മികവിന്റെ കേന്ദ്രം' മുഖേന പരിശീലന പരിപാടികൾ നൽകിവരാറുണ്ട്. പ്രസ്തുത പരിശീലന പരിപാടികളിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കാറുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും സംബന്ധിച്ചുള്ള ബോധവൽക്കരണവും നടത്താറുണ്ട്. ഈ വിഷയത്തിൽ നടത്തിയ പരിശീലന പരിപാടികൾ സംബന്ധിച്ച വിവരവും ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നം. | തീയതി | പരിശീലന പരിപാടിയുടെ പേര് |
|---|---|---|
| 1 | 15.11.2016 | Papers laid on the Table and Financial Committees |
| 2 | 14.06.2017 | Legislature Committees |
| 3 | 27.09.2017 | Dealing of draft para audit para/PAC, PUC reports |
| 4 | 29.05.2018 | Legislature Committees |
| 5 | 11.02.2019 | Legislature Committees |

കോവിഡ്-19 വ്യാപനത്തെത്തുടർന്നുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ 2020 മാർച്ചിനുശേഷം രണ്ട് പരിശീലന പരിപാടികൾ മാത്രമാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പിന് നടത്തുവാൻ സാധിച്ചതെന്നും പരിശീലന പരിപാടികൾ പുനരാരംഭിക്കുന്ന മുറയ്ക്ക് മേൽ പരാമർശിച്ച വിഷയങ്ങളിൽ തുടർന്നും പരിശീലന പരിപാടികൾ നടത്തുന്നതാണെന്നും പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്.

## 2. പാർലമെന്ററികാര്യ വകുപ്പ്

സമിതിയുടെ നിർദ്ദേശാനുസരണം, ഈ വിഷയം സെക്രട്ടേറിയറ്റിലെ ഇൻഹൗസ് ട്രെയിനിംഗ് മുഖേന നൽകുന്ന വിഷയങ്ങളിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകി റിപ്പോർട്ട് ഈ വകുപ്പിന് ലഭ്യമാക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ റിപ്പോർട്ടു പ്രകാരം പൊതുഭരണവകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനുമായി 2015-ൽ ആരംഭിച്ച ഇൻഹൗസ് ട്രെയിനിംഗ് സെന്റർ "മികവിന്റെ കേന്ദ്രം" മുഖേന നിയമസഭാ നടപടികൾ എന്ന വിഷയത്തിൽ ജീവനക്കാർക്ക് പൊതുവായി പരിശീലനം നൽകി വരുന്നുണ്ട്. മേശപ്പുറത്ത് വയ്ക്കേണ്ട കടലാസുകളെക്കുറിച്ചും നടപടിക്രമങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ചുകൊണ്ട് 2016 ഫെബ്രുവരി മാസം 10-ാം തീയതി ഉദ്യോഗസ്ഥന്മാർക്കായി ഒരു പരിശീലനപരിപാടി സംഘടിപ്പിച്ചിരുന്നു. കൂടാതെ മേശപ്പുറത്ത് വയ്ക്കേണ്ട കടലാസുകൾ സമയബന്ധിതമായി നിയമസഭയിൽ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് അണ്ടർ സെക്രട്ടറി മുതൽ പ്രിൻസിപ്പൽ സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 19.03.2016-ൽ മറ്റൊരു പരിശീലനപരിപാടിയും സംഘടിപ്പിക്കുകയുണ്ടായി. ഈ വിഷയത്തിൽ തുടർന്നും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതാണ്.

പി.സി.വിഷ്ണുനാഥ്,
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

തിരുവനന്തപുരം
24 ഫെബ്രുവരി 2026.